**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6163** **09-11-2021 - ൽ മറുപടിയ്ക്ക്**

**മൂന്നിലവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മൂന്നിലവ് പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മൂന്നിലവ് ഉൾപ്പെടെ 12 പഞ്ചായത്തുകൾക്ക് വേണ്ടി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. ഈ പദ്ധതി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുവാനാണ് ശ്രമിക്കുന്നത്. മലങ്കര ഡാം പ്രധാന സ്രോതസായി രൂപം നല്കിയിട്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി റെസൊല്യൂഷൻ ലഭ്യമാക്കാനായി പഞ്ചായത്തുകളിൽ സമർപ്പിച്ചിരിക്കുകയാണ്. മൂന്നിലവ് പഞ്ചായത്ത് ഉൾപ്പെടെ 10 പഞ്ചായത്തുകളിൽ നിന്നും റെസൊല്യൂഷൻ ലഭ്യമായികഴിഞ്ഞു. അവശേഷിക്കുന്ന കടനാട്, രാമപുരം എന്നീ പഞ്ചായത്തുകളുടെ കൂടി തീരുമാനം ലഭ്യമാകുന്ന മുറക്ക് ഭരണാനുമതിക്കായുള്ള പ്രോപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയുടെ വിതരണ ഉല്പാദന ഘടകങ്ങളുടെ നിർമിതിക്കായി വേണ്ട സ്ഥലങ്ങൾ അതത് പഞ്ചായത്തുകൾ ഏറ്റെടുത്തു നൽകേണ്ടതുണ്ട്. മലങ്കര ഡാം പ്രധാന സ്രോതസായി സ്വീകരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ഈ ഡാമിനു സമീപം നിർമിക്കാൻ ഉദ്ദേശിക്കുന്ന വെൽ കം പമ്പ് ഹൗസിൽ നിന്നും വെള്ളം വള്ളിപ്പാറയിലെ നിർദ്ദിഷ്ട ബൂസ്റ്റർ പമ്പ് ഹൗസിൽ എത്തിക്കുന്നു. അവിടെ നിന്നും ജലം വീണ്ടും പമ്പ് ചെയ്ത് നീലംബൂരിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന 38 MLD ജല ശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ചതിനുശേഷം നീലംബൂരിൽ തന്നെ നിർമ്മിക്കുന്ന സംഭരണ സമ്പിൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.ഡബ്ല്യു.എസ്സ്.എ |

| | | | |
|---|---|---|---|
| | | | മുഖേന ചെറിയ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് 760 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് 6.92 കോടി രൂപയുടെ പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മലങ്കര പദ്ധതിയിൽ നിന്നും ബൾക്ക് വാട്ടർ സപ്ലൈ ലഭ്യമാക്കി 1105 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് 7.07 കോടി രൂപയുടെ പദ്ധതിയും കോട്ടയം ജില്ല കുടിവെള്ള ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെയും സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയുടെയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവഴി മൂന്നിലവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മൂന്നിലവ് ഉൾപ്പെടെ 12 പഞ്ചായത്തുകൾക്ക് വേണ്ടി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. ഈ പദ്ധതി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുവാനാണ് ശ്രമിക്കുന്നത്. മലങ്കര ഡാം പ്രധാന സ്രോതസായി രൂപം നല്കിയിട്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി റെസൊല്യൂഷൻ ലഭ്യമാക്കാനായി പഞ്ചായത്തുകളിൽ സമർപ്പിച്ചിരിക്കുകയാണ്. മൂന്നിലവ് പഞ്ചായത്ത് ഉൾപ്പെടെ 10 പഞ്ചായത്തുകളിൽ നിന്നും റെസൊല്യൂഷൻ ലഭ്യമായികഴിഞ്ഞു. അവശേഷിക്കുന്ന കടനാട്, രാമപുരം എന്നീ പഞ്ചായത്തുകളുടെ കൂടി തീരുമാനം ലഭ്യമാകുന്ന മുറക്ക് ഭരണാനുമതിക്കായുള്ള പ്രോപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയുടെ വിതരണ ഉല്പാദന ഘടകങ്ങളുടെ നിർമിതിക്കായി വേണ്ട സ്ഥലങ്ങൾ അതത് പഞ്ചായത്തുകൾ ഏറ്റെടുത്തു നൽകേണ്ടതുണ്ട്. മലങ്കര ഡാം പ്രധാന സ്രോതസായി സ്വീകരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ഈ ഡാമിനു സമീപം നിർമിക്കാൻ ഉദ്ദേശിക്കുന്ന വെൽ കം പമ്പ് ഹൗസിൽ നിന്നും വെള്ളം വള്ളിപ്പാറയിലെ നിർദ്ദിഷ്ട ബൂസ്റ്റർ പമ്പ് ഹൗസിൽ എത്തിക്കുന്നു. അവിടെ നിന്നും ജലം വീണ്ടും പമ്പ് ചെയ്ത് നീലംബൂരിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന 38 MLD ജല ശുദ്ധീകരണ ശാലയിൽ എത്തിച്ചു ശുദ്ധീകരിച്ചതിനുശേഷം നീലംബൂരിൽ തന്നെ നിർമ്മിക്കുന്ന സംഭരണ സമ്പിൽ ശേഖരിച്ചു |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.ഡബ്ല്യു.എസ്സ്.എ മുഖേന ചെറിയ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് 760 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് 6.92 കോടി രൂപയുടെ പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മലങ്കര പദ്ധതിയിൽ നിന്നും ബൾക്ക് വാട്ടർ സപ്ലൈ ലഭ്യമാക്കി 1105 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് 7.07 കോടി രൂപയുടെ പദ്ധതിയും കോട്ടയം ജില്ല കുടിവെള്ള ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെയും സ്റ്റേറ്റ് ലെവൽ സ്കീം സാങ്ങ്ഷനിംഗ് കമ്മിറ്റിയുടെയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവഴി മൂന്നിലവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ